**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **08-10-2021 - ൽ മറുപടിയ്ക്ക്**

**പാഡി മാർക്കറ്റിംഗ് ഓഫീസർ, പാഡി പ്രൊക്യുർമെന്റ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ഒ എസ് അംബിക | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിനും സംഭരണ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കുന്നതിനും കൃഷി വകുപ്പ് എന്തെങ്കിലും ഇടപെടൽ നടത്താറുണ്ടോ എന്ന് അറിയിക്കാമോ; | (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സപ്ലൈകോ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. കൃഷി വകുപ്പിൽ നിന്നും നെല്ല് സംഭരണ സീസണിൽ ആവശ്യമായ ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ സപ്ലൈകോയുടെ ആവശ്യാ നുസരണം നൽകി വരാറുണ്ട്. അപ്രകാരം, എല്ലാ ജില്ലകളിൽ നിന്നും കൃഷി അസിസ്റ്റന്റ്മാരുടെ സേവനവും, കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ നിന്നുള്ളവരെ പാഡി മാർക്കറ്റിംഗ് ഓഫീസർമാരായും നിയോഗി ക്കാറുണ്ട്. കർഷകർ സപ്ലൈകോ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തി ലഭിക്കുന്ന അപേക്ഷകൾ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് നൽകുന്നതാണ്. ടി ഓഫീസർമാരുടെ സേവനം നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിനും സംഭരണ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കുന്നതിനും സഹായകരമാകുന്നു. |
| (ബി) | നെല്ല് സംഭരണത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, പാഡി പ്രൊക്യുർമെന്റ് ഓഫീസർ എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ കുറവ് മൂലം നെല്ല് സംഭരണത്തിന് കാലതാമസമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരി ക്കുമോ? | (ബി) | നെല്ല് സംഭരണത്തിൽ ഉദ്യോഗസ്ഥരുടെ കുറവ് മൂലം കാലതാമസമുണ്ടാകാതിരിക്കാനായി 3 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 44 പാഡി പ്രൊക്യുർമെന്റ് അസിസ്റ്റന്റ്മാരെ വർക്കിംഗ് അറേഞ്ച്മെന്റിലും നിയമിക്കുന്നതിന് നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ